# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2769 10.12.2014-ൽ മറുപടിക്ക്**

## ബന്തടുക്ക കടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>(ഉദുമ) | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർ ഗോഡ് ജില്ലയിൽ ബന്തടുക്കയ്ക്കും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | എ) കാസർ ഗോഡ് ജില്ലയിലെ ബന്തടുക്കയ്ക്കും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 25.07.2012 ലെ സ.ഉ(സാധാ) നം.912/ 12/ജവിവ ഉത്തരവ് പ്രകാരം 8 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള മുൻകൂർ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. |
| (ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ? | (ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുത്തു. കുറഞ്ഞതുക ക്വോട്ട് ചെയ്ത കരാറുകാരന്റെ നിരക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 36.80% കൂടുതലായിരുന്നു. അതിനാൽ പ്രവൃത്തി റീ ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ റീ ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. കൂടാതെ ഈ പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ ഒരു വർഷത്തിലധികം കാലമായിട്ടും കുറ്റിക്കോൽ പഞ്ചായത്ത് അധികൃതർ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഈ സാഹചര്യത്തിൽ സ്ഥലം കൈമാറാൻ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ